**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1034** **10-06-2021 - ൽ മറുപടിയ്ക്ക്**

**വലിയ തമ്പുരാൻ കോവിലകം സംരക്ഷിത സ്മാരകമാക്കുന്നതിനുള്ള വിജ്ഞാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | **Shri Ahammad Devarkovil**<br>(തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പ് മന്ത്രി) | |
| (എ) | ജി.ഒ(ആർ.റ്റി) 101/2020/സി.എ.ഡി പ്രകാരം ആലുവ നിയോജകമണ്ഡലത്തിലെ കാഞ്ഞൂർ പഞ്ചായത്തിലെ വലിയ തമ്പുരാൻ കോവിലകം സംരക്ഷിത സ്മാരകമാക്കുന്നതിനുള്ള പ്രാഥമിക വിജ്ഞാപനം 2/02/2021 ൽ അഞ്ചാം നമ്പറായുള്ള സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചതിനുശേഷം അന്തിമ വിജ്ഞാപനത്തിനുള്ള എന്തെല്ലാം നടപടികളാണ് പുരാവസ്തു വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | എറണാകുളം ജില്ലയിലെ ആലുവ കിഴക്കുംഭാഗം വില്ലേജിലെ വലിയ തമ്പുരാൻ കോവിലകം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചു കൊണ്ടുള്ള പ്രാഥമിക വിജ്ഞാപനം (Kerala Gazette No. 5 dated 2nd February, 2021) പ്രസിദ്ധീകരിച്ചിട്ടുണ്ട്. കോവിഡ് മഹാമാരിയെത്തുടർന്നുള്ള നിയന്ത്രണങ്ങൾ / അടച്ചിടൽ അവസാനിച്ചാൽ ഉടൻതന്നെ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | അന്തിമ വിജ്ഞാപനം ഉടൻ പുറപ്പെടുവിക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കുമോ; | (ബി) | എറണാകുളം ജില്ലയിലെ ആലുവ കിഴക്കുംഭാഗം വില്ലേജിലെ വലിയ തമ്പുരാൻ കോവിലകം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചു കൊണ്ടുള്ള പ്രാഥമിക വിജ്ഞാപനം (Kerala Gazette No. 5 dated 2nd February, 2021) പ്രസിദ്ധീകരിച്ചിട്ടുണ്ട്. കോവിഡ് മഹാമാരിയെത്തുടർന്നുള്ള നിയന്ത്രണങ്ങൾ / അടച്ചിടൽ അവസാനിച്ചാൽ ഉടൻതന്നെ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | അന്തിമ വിജ്ഞാപനത്തിനായി എന്തെങ്കിലും തടസ്സം നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് നിലവിൽ തടസ്സങ്ങളൊന്നും ഇല്ല . |

സെക്ഷൻ ഓഫീസർ